# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1307 — 13.12.2012 ൽ - മറുപടിക്ക്

## റേഷൻ സമ്പ്രദായം ആധുനികവൽക്കരിക്കാനുള്ള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>,, ജോസഫ് വാഴക്കൻ<br>,, എം.എ. വാഹീദ്<br>,, ഷാഫി പറമ്പിൽ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ സമ്പ്രദായം ആധുനികവൽക്കരിക്കാനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ ; | (എ) ഉണ്ട്. ബഹു. സുപ്രീം കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ചുവടെ പറയുന്ന കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം 4 ഘടകങ്ങളാണ് ഈ പദ്ധതിക്കുള്ളത്.<br><br>1. ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുക<br>2. എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല സമ്പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിക്കുക<br>3. യഥാർത്ഥ ഗുണഭോക്താവിനെ തിരിച്ചറിഞ്ഞ് റേഷൻസാധനങ്ങൾ കൃത്യമായ അളവിൽ റേഷൻ കടകളിലൂടെ നൽകുന്നതിനുള്ള സംവിധാനം തയ്യാറാക്കുക<br>4. സുതാര്യമായ പരാതി/പരിഹാര സംവിധാനം ഒരുക്കുക<br><br>ഇതിൽ ആദ്യത്തെ ഘടകമായ ഗുണഭോക്താക്കളുടെ വിവരങ്ങൾ ഡിജിറ്റൈസ് ചെയ്യുന്ന ജോലികൾ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാമത്തെ ഘടകമായ എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള വിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുന്നത് സംബന്ധിച്ച നടപടികൾ സർക്കാർ സ്വീകരിച്ചു വരികയാണ്. |
| (ബി) പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; | (ബി) ഈ പദ്ധതി സ്മാർട്ട് കാർഡ് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിലേക്കായി എൻ.ഐ.സി. ഒരു പ്രൊപ്പോസ്ഡ് പ്രോജക്ട് ഔട്ട്ലെ സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ്. |

| | | | |
|---|---|---|---|
| (സി) | ആധുനികവൽക്കരണം വഴി എന്തെല്ലാം പരിഷ്കരണങ്ങളാണ് റേഷൻ വിതരണ സമ്പ്രദായത്തിൽ വരുത്താനുദ്ദേശിക്കുന്നത്; വിശദമാക്കുമോ; | (സി) | എഫ്.സി.ഐ. മുതൽ എ.ആർ.ഡി. വരെയുള്ള പൊതുവിതരണ ശൃംഖല കമ്പ്യൂട്ടർവൽക്കരിക്കുകയും, റേഷൻകടകളിൽ സ്മാർട്ട്കാർഡ് / ബയോ-മെട്രിക് വെരിഫിക്കേഷൻ ചെയ്യുന്നതിനുള്ള പി.ഒ.എസ് (പോയിന്റ് ഓഫ് സെയിൽ) മെഷീനുകൾ സ്ഥാപിച്ചു പൊതുവിതരണ സമ്പ്രദായം സുതാര്യമാക്കാനാണ് പദ്ധതി ലക്ഷ്യമിടുന്നത്. |
| (ഡി) | ഇത് നടപ്പാക്കുവാൻ ലഭ്യമാകുന്ന കേന്ദ്ര സഹായം എത്രയാണ്; വിശദാംശം വ്യക്തമാക്കുമോ ? | (ഡി) | കേന്ദ്രസർക്കാരിന്റെ നിർദ്ദിഷ്ട മാനദണ്ഡ പ്രകാരമുള്ള തുകയുടെ 50% കേന്ദ്രസർക്കാരിൽ നിന്നും ലഭ്യമാക്കുകയും, സംസ്ഥാനത്തിന് അധികമായി ആവശ്യം വരുന്ന ചെലവുകൾ സംസ്ഥാനം തന്നെ വഹിക്കുകയും ചെയ്യേണ്ടതാണ്. |

സെക്ഷൻ ഓഫീസർ